## പതിമൂന്നാം കേരള നിയമസഭ
## 10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5228 — 06/02/2014 ൽ മറുപടിയ്ക്ക്

### പ്ലാസ്റ്റിക് കവറുകളുടെയും ഫ്ളക്സ് ബോർഡുകളുടെയും നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>" മോൻസ് ജോസഫ്<br>" തോമസ് ഉണ്ണിയാടൻ<br>" റ്റി.യു. കുരുവിള | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>വനവും പരിസ്ഥിതിയും ഗതാഗതവും<br>സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി |
| (എ) പ്ലാസ്റ്റിക് കവറുകൾ, ഫ്ളക്സ് ബോർഡുകൾ ഉൾപ്പെടെയുള്ളവയുടെ ഉപയോഗവും, ഉല്പാദനവും നിയന്ത്രിച്ചുള്ള പരിസ്ഥിതി സംരക്ഷണ നടപടികൾക്ക് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; | (എ) പ്ലാസ്റ്റിക് കവറുകളുടെ ഉൽപാദനവും ഉപയോഗവും നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ് റൂൾസ് 2011 പ്രകാരമാണ്. 40 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് കവറുകളാണ് കേന്ദ്ര സർക്കാരിന്റെ ടി ചട്ടങ്ങൾ പ്രകാരം നിരോധിച്ചിട്ടുള്ളത്. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉൽപാദനം സംബന്ധിച്ച നിയന്ത്രണം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമാണ്. പ്ലാസ്റ്റിക് ചട്ടങ്ങൾ പ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉണ്ടാക്കുന്ന സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. ഇത്തരം സ്ഥാപനങ്ങളിൽ 40 മൈക്രോൺ കനത്തിൽ താഴെയുള്ള ക്യാരിബാഗുകൾ ഉല്പാദിപ്പിക്കാതിരിക്കാൻ അനുമതി വ്യവസ്ഥകളിലൂടെയാണ് ബോർഡ് നിഷ്കർഷിക്കുന്നത്. കൂടാതെ ഉൽപാദിപ്പിക്കുന്ന കവറുകളിൽ അവയുടെ കനം രേഖപ്പെടുത്തുവാനും വ്യവസ്ഥയുണ്ട്. സംസ്ഥാനത്ത് പ്ലാസ്റ്റിക് വേസ്റ്റ് ചട്ടങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 27/12/2011 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ വിവിധ വകുപ്പുകളുടെ ചുമതലയും എടുത്തു പറഞ്ഞിട്ടുണ്ട്.<br><br>ഫ്ളക്സ് ബോർഡുകൾ 2011-ലെ പ്ലാസ്റ്റിക് വേസ്റ്റ് ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നില്ല. ഫ്ളക്സ് ബോർഡുകൾ നിയന്ത്രിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) ഇത്തരം വസ്തുക്കളുടെ അമിതമായ ഉപയോഗം മൂലം റോഡുകളും ജലാശയങ്ങളും മലിനപ്പെടുത്തുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) പ്ലാസ്റ്റിക് വേസ്റ്റ് ചട്ടങ്ങൾ 2011-ന്റെ റൂൾ 4 (b) യിൽ ടി ചട്ടങ്ങൾ പ്രകാരമുള്ള പ്ലാസ്റ്റിക് വേസ്റ്റിന്റെ ഉപയോഗം, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വേർതിരിച്ചുള്ള ശേഖരണം, ശാസ്ത്രീയമായ നിർമ്മാർജ്ജനം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. പ്ലാസ്റ്റിക് മാലിന്യം ഖരമാലിന്യത്തിൽ നിന്നും വേർതിരിച്ച് ശേഖരിക്കേണ്ടതും സംസ്കരിക്കുന്നതിനുമുള്ള |

സംവിധാനങ്ങൾ ഒരുക്കേണ്ടതും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തിയാൽ മാത്രമെ ഇത്തരം വസ്തുക്കൾ ജലാശയങ്ങളിലും റോഡുകളിലും അലക്ഷ്യമായി തള്ളുന്നത് നിയന്ത്രിക്കുവാൻ കഴിയുകയുള്ളൂ. ഇതിനായി നടപടി സ്വീകരിക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

പരിസ്ഥിതി സംരക്ഷണവും അതിനുള്ള നിയമ പരിപാലനവും ഉറപ്പാക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ അധികാരികളെ നിയോഗിക്കുകയും പാരിസ്ഥിതിക പ്രശ്നങ്ങൾ തക്കസമയത്ത് അധികാരികളെ അറിയിച്ച് പരിഹാര നടപടികൾ കൈക്കൊള്ളുന്നതിന് 'പരിസ്ഥിതി കാവൽ സംഘം' ആയി പ്രവർത്തിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ജൈവ വൈവിധ്യ പരിപാലന സമിതികൾക്ക് അധിക ചുമതല നൽകി ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്തെ ജലാശയങ്ങളുടെ ഏകോപിത പാരിസ്ഥിതിക പരിപാലനം സംബന്ധിക്കുന്ന വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് നടപടികൾ കൈക്കൊണ്ടുവരുന്നു.

സെക്ഷൻ ഓഫീസർ